"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ്- കരുനാഗപ്പള്ളി ടൗൺ മാസ്റ്റർ പ്ലാൻ-2031 ന്റെ വ്യതിയാനത്തിന് അന്തിമ അനുമതി - നൽകി ഉത്തരവാകുന്നു.

തദ്ദേശ സ്വയംഭരണ (ആർ.ഡി) വകുപ്പ്

സ.ഉ.(കൈ) നം.189/2025/LSGD തീയതി,തിരുവനന്തപുരം, 20-10-2025

പരാമർശം:-
1. 31/07/2018 തീയതിയിലെ GO(Ms) No.101/2018/LSGD
2. 16/02/2022 തീയതിയിലെ RD2/73/2018/LSGD നമ്പർ കത്ത്.
3. 11/09/2024 തീയതിയിലെ GO(Ms)No.117/2024/LSGD
4. കരുനാഗപ്പള്ളി നഗരസഭയുടെ 26/05/2025 തീയതിലെ 1-ാംനമ്പർ കൗൺസിൽ തീരുമാനം.
5. കരുനാഗപ്പള്ളി നഗരസഭ സെക്രട്ടറിയുടെ 09/06/2025 തീയതിലെ TP 2174907/2024 നമ്പർ കത്ത്
6. ചീഫ് ടൗൺ പ്ലാനർ (പ്ലാനിംഗ്) ന്റെ 06/08/2025 തീയതിയിലെ LSGD/PD/17836/2023-TCPB4 നമ്പർ കത്ത്

ഉത്തരവ്

കരുനാഗപ്പള്ളി മാസ്റ്റർ പ്ലാനിന് പരാമർശം (1) സർക്കാർ ഉത്തരവ് പ്രകാരം അന്തിമ അനുമതി നൽകിയിരുന്നു. പ്രസ്തുത മാസ്റ്റർ പ്ലാനിലെ paddy/low Lying Land എന്ന് സോൺ ചെയ്തിരിക്കുന്ന പ്രദേശങ്ങളിൽ PMAY, LIFE പദ്ധതി പ്രകാരം വീട് അനുവദിച്ച ഗുണഭോക്താക്കൾ ഉൾപ്പെടെ നിരവധി പേർക്ക് നിർമ്മാണ അനുമതി ലഭിക്കാത്തത് മൂലം മാസ്റ്റർ പ്ലാൻ വ്യതിയാനം വരുത്തുന്നതിന് പരാമർശം (2) പ്രകാരം അനുമതി നൽകുകയുണ്ടായി.

2. 2016- ലെ കേരള നഗര ഗ്രാമാസൂത്രണ ആക്ടിന്റെ വകുപ്പ് 32(1) പ്രകാരം സ്പെഷ്യൽ കമ്മിറ്റി രൂപീകരിക്കുകയും തുടർന്ന് മാസ്റ്റർ പ്ലാൻ ഭേദഗതി കമ്മിറ്റി രൂപീകരിച്ച് ടി കമ്മിറ്റിയുടെ ശിപാർശ പ്രകാരം മാസ്റ്റർ പ്ലാൻ ഭേദഗതി ചെയ്യുന്നതിന് നഗരസഭ കൺസിൽ അനുമതി നൽകുകയും ആയത് ഫാറം II- ൽ വിജ്ഞാപനം ചെയ്യുവാൻ തീരുമാനിക്കുകയും അത് പ്രകാരം ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനം ചെയ്യുകയും, വർത്തമാന പത്രങ്ങളിൽ പ്രസിദ്ധീകരിക്കുകയും ചെയ്തിരുന്നു.

3. വ്യതിയാനം വരുത്തിയ കരട് മാസ്റ്റർ പ്ലാനിന് 2016- ലെ കേരള നഗര ഗ്രാമാസൂത്രണ

ആക്ട്ട് വകുപ്പ് 36(3), 2021 ലെ കേരള നഗര - ഗ്രാമാസൂത്രണ മാസ്റ്റർ പ്ലാനിന്റെ രൂപീകരണവും അനുമതി നൽകലും) ചട്ടങ്ങളിലെ ചട്ടം 16(8) എന്നിവ അടിസ്ഥാനമാക്കി പരാമർശം (3) പകാരം പ്രസിദ്ധീകരണ അനുമതി നൽകിയിരുന്നു. ഇപ്രകാരം പ്രസിദ്ധപ്പെടുത്തിയ മാസ്റ്റർ പ്ലാനിൻമേൽ ലഭ്യമായ ആക്ഷേപ അഭിപ്രായങ്ങൾ സ്പെഷ്യൽ കമ്മിറ്റി പരിശോധിക്കുകയും, അവയിന്മേലും റോഡിന്റെ വീതി സംബന്ധിച്ച വിഷയത്തിലും ഉള്ള സെഷ്യൽ കമ്മിറ്റിയുടെ ശിപാർശ രേഖപ്പെടുത്തി പരാമർശം (4) പ്രകാരം നഗരസഭ കൗൺസിൽ സമർപ്പിക്കുകയും ആയത് ഉചിത മാർഗേന കരുനാഗപ്പള്ളി നഗരസഭ സെക്രട്ടറി പരാമർശം (5) പ്രകാരം ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട് .

4. ഭേദഗതികൾ വരുത്തി നഗരസഭാ കൗൺസിൽ അംഗീകരിച്ച "കരുനാഗപ്പള്ളി ടൗൺ മാസ്റ്റർ പ്ലാൻ-2031" ന്റെ വ്യതിയാനത്തിന് അന്തിമ അനുമതി നൽകുന്നതിനും ടി മാസ്റ്റർ പ്ലാൻ, അനുബന്ധ രേഖകൾ സഹിതം മുഖ്യനഗരാസൂത്രകൻ മുഖേന സർക്കാരിന്റെ അനുമതിയ്ക്കായി സമർപ്പിക്കുന്നതിന് 2016 -ലെ കേരള നഗര ഗ്രാമാസൂത്രണ ആക്ട്ട് വകുപ്പ് 36(6)-പ്രകാരം നിഷ്കർഷിച്ചിരിക്കുന്ന സമയപരിധി പാലിച്ചിട്ടില്ലാത്തതിനാൽ ആയത്, 2016-ലെ കേരള നഗര ഗ്രാമാസൂത്രണ ആക്ട്ട് വകുപ്പ് 36(11) പ്രകാരം സാധൂകരിക്കുന്നതിനും ചീഫ് ടൗൺ പ്ലാനർ(പ്ലാനിംഗ്) പരാമർശം (6) പ്രകാരം ശിപാർശ ചെയ്തിരിക്കുന്നു.

5. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. "കരുനാഗപ്പള്ളി ടൗൺ മാസ്റ്റർ പ്ലാൻ-2031" ന്റെ വ്യതിയാനത്തിന് 2016- ലെ കേരള നഗര ഗ്രാമാസൂത്രണ ആക്ട്ട് വകുപ്പ് 36(8), 2021-ലെ കേരള നഗരഗ്രാമാസൂത്രണ മാസ്റ്റർ പ്ലാനിന്റെ (രൂപീകരണവും അനുമതി നൽകലും) ചട്ടങ്ങളിലെ ചട്ടം-22 എന്നിവ പ്രകാരം അന്തിമ അനുമതി നൽകി ഉത്തരവാകുന്നു. അതോടൊപ്പം, മേൽ മാസ്റ്റർ പ്ലാൻ സർക്കാർ അനുമതിയ്ക്കായി സമർപ്പിക്കുന്നതിന് 2016- ലെ കേരള നഗര ഗ്രാമാസൂത്രണ ആക്ട്ട് വകുപ്പ് 36(6)-പ്രകാരം നിഷ്കർഷിച്ചിരിക്കുന്ന സമയപരിധി പാലിച്ചിട്ടില്ലാത്തതിനാൽ ആയത്, 2016-ലെ കേരള നഗരഗ്രാമാസൂത്രണ ആക്ട്ട് വകുപ്പ് 36(11) പ്രകാരം സാധൂകരിച്ചും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനുപമ ടി വി ഐ എ എസ്
സ്പെഷ്യൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ ,തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
ചീഫ് ടൗൺ പ്ലാനർ (പ്ലാനിംഗ്), തിരുവനന്തപുരം.
സെക്രട്ടറി, കരുനാഗപ്പള്ളി നഗരസഭ.

ജില്ലാ ടൗൺ പ്ലാനർ, കൊല്ലം.

ഇൻഫർമേഷൻ ഓഫീസർ, വെബ്&ന്യൂ മീഡിയ, ഐ&പി ആർ ഡി

കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

Signed by

Krishnakumar S

സെക്ഷൻ ഓഫീസർ

Date: 21-10-2025 11:02:46